## തിരച്ചിൽ തുടങ്ങിയിട്ട് 6 മാസം

# ടാബുലേഷൻ റജിസ്റ്ററുകൾ ഇപ്പോഴും കാണാമറയത്ത്

## കാണാതായ 3 റജിസ്റ്ററുകളിൽ കണ്ടെത്തിയത് ഒരെണ്ണം മാത്രം

**അജയ് ബെൻ**

മലപ്പുറം● കാണാതായത് 3 റജിസ്റ്ററുകൾ; ആണ്ടു തിരഞ്ഞിട്ടും സർവകലാശാലാ അധികൃതർക്കു കണ്ടെത്താനായത് ഒരെണ്ണം മാത്രം. പഠിച്ചിറങ്ങിയ വിദ്യാർഥികളുടെ പരീക്ഷാ വിവരങ്ങൾ അടങ്ങിയ ടാബുലേഷൻ റജിസ്റ്ററുകൾ കാണാതായ സംഭവത്തിൽ 6 മാസം മുൻപ് കാലിക്കറ്റിൽ ആരംഭിച്ച തിരച്ചിൽ ഇതുവരെ പൂർത്തിയായിട്ടില്ല. ഇനിയും കണ്ടെത്താൻ കഴിയാത്ത റജിസ്റ്ററുകൾ സർവകലാശാലയ്ക്കു പുറത്തേക്കുപോയോ എന്നതു സംബന്ധിച്ചും അധികൃതർക്കു വിവരമില്ല.

1981ലെ എംഎസ്‌സി സ്റ്റാറ്റിസ്റ്റിക്സ്, 1992, 95 വർഷങ്ങളിലെ എംഎ സൈക്കോളജി എന്നീ കോഴ്സുകളിലെ വിദ്യാർഥികളുടെ മാർക്കുകളും സർട്ടിഫിക്കറ്റ് വിവരങ്ങളും അടങ്ങിയ അതിപ്രധാന രേഖ കാണാതായ വിവരം കഴിഞ്ഞ ജൂലൈയിലാണ് മലയാള മനോരമ റിപ്പോർട്ട് ചെയ്തത്. വാർത്തയെ തുടർന്ന് അടിയന്തര യോഗം ചേർന്ന സിൻഡിക്കറ്റ് പരീക്ഷാ സ്ഥിര സമിതി റജിസ്റ്ററുകൾ വീണ്ടെടുക്കാനും സുരക്ഷിത കേന്ദ്രത്തിലേക്കു മാറ്റാനും തീരുമാനമെടുത്തിരുന്നു.

തിരച്ചിലിനു മേൽനോട്ടം വഹിക്കാൻ പ്രോ വൈസ് ചാൻസലറുടെ നേതൃത്വത്തിൽ പ്രത്യേക സമിതിയെയും നിയോഗിച്ചിരുന്നു. എന്നാൽ ജീവനക്കാരുടെ സഹായത്തോടെ ഇതുവരെ നടത്തിയ തിരച്ചിലിൽ എംഎസ്‌സി സ്റ്റാറ്റിസ്റ്റിക്സിലെ ടാബുലേഷൻ റജിസ്റ്റർ മാത്രമാണു കണ്ടെത്തിയത്.



കാലിക്കറ്റിൽ ടാബുലേഷൻ റജിസ്റ്ററുകൾ കാണാതായി

പരീക്ഷാഭവനിലെ പൊടിയും പൂപ്പലും നിറഞ്ഞ ഗോഡൗണിനുള്ളിൽ ഈ റജിസ്റ്റർ കുടുങ്ങിക്കിടക്കുകയായിരുന്നു.

ശോചനീയാവസ്ഥയിലുള്ള ഗോഡൗണിൽനിന്നു കണ്ടെത്തിയ റജിസ്റ്ററുകളെല്ലാം സുരക്ഷിത കേന്ദ്രത്തിലേക്കു മാറ്റിയെന്നാണു സർവകലാശാല അധികൃതർ പറയുന്നത്. എന്നാൽ ഈ റജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

പഠിച്ചിറങ്ങുന്ന വിദ്യാർഥികളുമായി ബന്ധപ്പെട്ട് സർവകലാശാലയിൽ സൂക്ഷിച്ചിരിക്കുന്ന ഏക രേഖയാണു ടാബുലേഷൻ റജിസ്റ്റർ. നിലവിൽ കാണാതായ റജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്തിരുന്നുമില്ല.

സർട്ടിഫിക്കറ്റുകളുടെ പരിശോധന, ഡ്യൂപ്ലിക്കറ്റ് സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ തുടങ്ങിയ കാര്യങ്ങളിൽ ഈ റജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ചാണു തുടർനടപടി സ്വീകരിക്കുന്നത്. റജിസ്റ്ററുകൾ നഷ്ടമായതോടെ ഈ ബാച്ചുകളിലെ വിദ്യാർഥികളുടെ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കാൻ സർവകലാശാലയിൽ സംവിധാനമില്ലാതായി. ഇതു വ്യാജ സർട്ടിഫിക്കറ്റ് മാഫിയ ദുരുപയോഗം ചെയ്യുമെന്നതാണു വലിയ വെല്ലുവിളി.